പ്രകാശവചനം ● **അബൂദർറ് എടയൂർ**

# ബന്ധങ്ങൾ സുദൃഢമാകുമ്പോഴാണ് ആരാധനകൾ സഫലമാവുന്നത്

عَنْ أبي الدَّرْدَاء رضي الله عنه، قَالَ: قَالَ رَسُولُ اللَّه ﷺ: ألاَ أخبِرُكُمْ بأفْضَلَ منْ دَرَجَة الصِّيَام وَالصَّلاَة وَالصَّدَقَة؟ قَالُوا: بَلَى، يَا رَسُولَ اللَّهِ قَالَ: إصْلاحُ ذَاتِ الْبَيْنِ، وَفَسَادُ ذَاتِ الْبَيْنِ الْحَالِقَةُ

അബൂദ്ദർദാഇ(റ)ൽ നിന്ന് നിവേദനം. നബി(സ) ചോദിച്ചു: "നോമ്പ്, നമസ്കാരം, ദാനധർമം എന്നിവയേക്കാളും ശ്രേഷ്ഠകരമായ കാര്യമെന്താണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ?" അനുചരന്മാർ പറഞ്ഞു: "പ്രവാചകരേ അങ്ങ് പറഞ്ഞുതന്നാലും." തിരുമേനി പറഞ്ഞു: "പരസ്പരബന്ധം നന്നാക്കുക. പരസ്പര ബന്ധങ്ങളുടെ തകർച്ച നാശഹേതുവാകുന്നു" (അബൂദാവൂദ്).

വൈവിധ്യമാർന്ന ബന്ധങ്ങളാൽ വലയം ചെയ്യപ്പെട്ടവനാണ് മനുഷ്യൻ. മാതാപിതാക്കളുമായുള്ള ബന്ധം, കുടുംബബന്ധം, ഭാര്യാഭർതൃബന്ധം, അയൽപക്കബന്ധം, സുഹൃദ് ബന്ധം, ഗുരുശിഷ്യബന്ധം, നേതാവ്-അനുയായി ബന്ധം തുടങ്ങി ആ പട്ടിക നീളുന്നു. ഈ ബന്ധങ്ങളിൽ വിള്ളൽ വീഴുമ്പോഴെല്ലാം ജീവിതത്തിൽ അത് എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നതെന്നറിയാൻ നമ്മുടെ ചുറ്റുപാടുകളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ മതിയാകും.

ബന്ധങ്ങൾ ഊഷ്മളവും സുദൃഢവുമായി നിലനിർത്തുക എന്നത് നോമ്പ്, നമസ്കാരം, ദാനധർമങ്ങൾ എന്നിവയേക്കാൾ ശ്രേഷ്ഠമാണെന്നാണ് ഉപരിസൂചിത ഹദീസ് പഠിപ്പിക്കുന്നത്. അതായത്, ഇബാദത്തുകളുടെ ചൈതന്യം ഒരു വിശ്വാസിയുടെ ജീവിതത്തിൽ സദാ പ്രകടമാവണം. അത് തന്റെ ജീവിതത്തെ സുഗന്ധപൂരിതമാക്കുകയും പരസ്പര സ്നേഹവും ഗുണകാംക്ഷയും സഹകരണവും വളർത്തുകയും നിലനിർത്തുകയും ചെയ്യാനുതകുന്നതാവണം എന്നർഥം. ചെറിയ ഉപകാരങ്ങൾ പോലും നിഷേധിക്കുന്നവരുടെ നമസ്കാരം വിഫലമാണെന്ന് മാത്രമല്ല അത് നാശഹേതു കൂടിയാണെന്ന് ഖുർആൻ പഠിപ്പിക്കുന്നുണ്ടല്ലോ.

മാതാപിതാക്കളെ അർഹമായ രീതിയിൽ പരിചരിക്കാത്തവരുടെയും കുടുംബബന്ധങ്ങൾ മാനിക്കാത്തവരുടെയും അയൽപക്ക ബാധ്യതകൾ നിറവേറ്റാതിരിക്കുന്നവരുടെയും പരസ്പരം തമ്മിലടിച്ചും കലഹിച്ചും ജീവിക്കുന്നവരുടെയും ഇബാദത്തുകൾക്ക് അല്ലാഹു വില കൽപിക്കുകയില്ല എന്ന് ഈ ഹദീസ് ഉണർത്തുന്നു. നമ്മുടെ സ്വഭാവ രൂപീകരണത്തിൽ സുപ്രധാന പങ്കുവഹിക്കുമ്പോഴേ ഇബാദത്തുകൾ സാർഥകമാവൂ. അനുയായികളുടെ ശ്രദ്ധ തന്നിലേക്ക് തിരിച്ചശേഷം കാര്യം പറയുന്ന പ്രവാചകന്റെ ശൈലി വിഷയത്തിന്റെ ഗൗരവം കൂടുതൽ വെളിവാക്കുന്നു. ഈ ഹദീസിൽ നമുക്കത് കാണാം.

മൂന്ന് ദിവസത്തിൽ കൂടുതൽ പരസ്പരം പിണങ്ങി നിൽക്കാൻ മുസ്ലിമിന് അനുവാദമില്ല എന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. നബി(സ) പറഞ്ഞു: "നിങ്ങൾ പരസ്പരം വിദ്വേഷം വെക്കരുത്. അസൂയ കാണിക്കരുത്. പരസ്പരം അവഗണിച്ച് തിരിഞ്ഞുകളയരുത്. അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ സഹോദരങ്ങളാവുക. മൂന്ന് ദിവസത്തിനപ്പുറം തന്റെ സഹോദരനുമായുള്ള ബന്ധം മുറിക്കാൻ ഒരു മുസ്ലിമിന് അനുവാദമില്ല" (ബുഖാരി).

വിദ്വേഷം, അസൂയ, അവഗണന, അസഭ്യംപറയൽ, ചീത്തപ്പേര് വിളിക്കൽ, കുറ്റങ്ങളും കുറവുകളും ചുഴിഞ്ഞന്വേഷിക്കൽ, ഏഷണി, പരദൂഷണം, തെറ്റായ ഊഹങ്ങൾ തുടങ്ങിയവ പരസ്പരബന്ധങ്ങൾ ശിഥിലമാക്കുന്ന ദുഃസ്വഭാവങ്ങളാണല്ലോ. അതിനാൽ അവ ഇസ്ലാം വിലക്കുന്നു. എന്തെങ്കിലും കാരണവശാൽ പിണങ്ങിയാൽ തന്നെ, ആ പിണക്കം ഉടൻ തീർക്കണം. കാലദൈർഘ്യം കൂടുന്തോറും ആ പിണക്കം പകയായി രൂപാന്തരപ്പെടും. പിന്നീട് ആരോടാണോ പകയുള്ളത് അവനെ തകർക്കാനുള്ള ശ്രമങ്ങൾക്ക് പിശാച് ആക്കം കൂട്ടും. അങ്ങനെ ഈമാനിന്റെ പ്രകാശം പതിയെ പതിയെ ഇല്ലാതാവും. അത് വ്യക്തിയെയും സമൂഹത്തെയും നന്മയുടെ ഒരു നാമ്പുപോലും അവശേഷിക്കാത്തവിധം തരിശാക്കി മാറ്റും. ഹദീസിന്റെ അവസാനം പറഞ്ഞ 'ഹാലിഖ' എന്ന പദത്തിന് മരണം, വരണ്ട കാലം, മുടി കളഞ്ഞ സ്ത്രീ എന്നൊക്കെയാണ് ഭാഷാർഥം. ബന്ധങ്ങൾ തകരുമ്പോൾ ധാർമികമായി മുണ്ഡനം ചെയ്യപ്പെടുകയും തൽഫലമായി പലവിധ നാശങ്ങളിലേക്ക് വഴിതുറക്കപ്പെടുകയും ചെയ്യുമെന്ന് സാരം. ■